**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3199** **19.06.2019 ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ ഗുണമേന്മ പരിശോധിക്കുവാൻ സംവിധാനം**

**ചോദ്യം**

**ശ്രീ.എൻ. ഷംസുദ്ദീൻ**

ഉത്തരം

**ശ്രീ. വി.എസ്. സുനിൽ കമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ജൈവപച്ചക്കറി എന്ന പേരിൽ സംസ്ഥാനത്തുടനീളം വിൽപ്പന നടത്തുന്ന പച്ചക്കറികളുടെ ഗുണമേന്മ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ) | ഉണ്ട്. പഴം, പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.<br>കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | സർക്കാർ ആഭിമുഖ്യത്തിൽ കൂടുതൽ ജൈവപച്ചക്കറി വിൽപ്പനശാലകൾ സംസ്ഥാനത്തുടനീളം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ബി) | ഉണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും നടപ്പാക്കുന്നതിനായി ഇതുവരെ 241 ഇക്കോഷോപ്പുകളും മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകളുമായി ആകെ 454 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പുതിയതായി 15 ഇക്കോഷോപ്പുകൾ കൂടി ആരംഭിക്കും.<br>കർഷകർ ഉത്തമ കൃഷി മുറകൾ പാലിച്ച് ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനുമായിട്ടാണ് ഈ ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നത്. |

Mayap

**സെക്ഷൻ ഓഫീസർ**